പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6376 11-07-2012 -ൽ മറുപടിക്ക്.

## വ്യാജമദ്യം തടയുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. അച്ചുതൻ :<br>" ആർ. സെൽവരാജ് :<br>" വി. റ്റി. ബൽറാം :<br>" ഹൈബി ഈഡൻ : | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | വ്യാജമദ്യം തടയുവാൻ കഴിഞ്ഞു എന്നത് കെ.എസ്.ബി.സി. മുഖേന യുള്ള മദ്യവില്പന ഉയരുന്നതിന് കാരണമായിട്ടുണ്ടോ; ഇക്കാര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. വ്യാജമദ്യം തടയുന്നതിന് എക്സൈസ് വകുപ്പ് കർശന നടപടികൾ സ്വീകരിച്ചു വരുന്നു. കഴിഞ്ഞ മൂന്ന് വർഷമായി കെ.എസ്.ബി.സി. മുഖേനയുള്ള ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെയും, ബിയറിന്റെയും മൊത്തം വില്പനയുടെ വളർച്ചാ നിരക്ക് കൂടിയിട്ടുള്ളത് ചുവടെ ചേർക്കുന്നു. |
| (ബി) | വ്യാജമദ്യ വിൽപ്പന നടക്കുന്ന പ്രദേശങ്ങളിൽ കെ.എസ്.ബി.സി. വിൽപ്പനശാലകൾ മുഖേനയുള്ള മദ്യവിതരണം കുറവാണെന്നുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് കെ.എസ്.ബി.സി. അധികൃതർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ആരോഗ്യത്തിന് ഹാനികരമായ വ്യാജമദ്യം കർശനമായി തടയുന്നതിനും ഗുണനിലവാരമുള്ള മദ്യത്തിന്റെ വിൽപ്പന സാധ്യമാക്കുന്നതിനും ആവശ്യമായ വ്യവസ്ഥകൾ മദ്യനയത്തിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | (സി) | ആരോഗ്യത്തിന് ഹാനികരമായ വ്യാജമദ്യം കർശനമായി തടയുന്നതിനും, ഗുണനിലവാരമുള്ള മദ്യത്തിന്റെ വിൽപ്പന സാധ്യമാക്കുന്നതിനും, ആവശ്യമായ വ്യവസ്ഥകളെല്ലാം മദ്യനയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | വ്യാജമദ്യത്തിനെതിരായ പ്രവർത്തനങ്ങളിൽ എക്സൈസ് സേനയ്ക്കൊപ്പം കെ.എസ്.ബി.സി.യും പങ്കുചേർന്ന് വ്യാജമദ്യം പൂർണ്ണമായും തടയുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | വ്യാജമദ്യത്തിനെതിരായ പ്രവർത്തനങ്ങളിൽ എക്സൈസ് സേനയ്ക്കൊപ്പം കെ.എസ്.ബി.സി.യും പങ്കുചേരുന്നുണ്ട്. ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും മദ്യാസക്തരെ പുനരധിവസിപ്പിക്കുന്നതിനും കെ.എസ്.ബി.സി.യും, എക്സൈസ് വകുപ്പും സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. |

| വർഷം | ബിയർ | ഇന്ത്യൻ നിർമ്മിത വിദേശമദ്യം |
|---|---|---|
| 2009-10 | 20% | 10% |
| 2010-11 | 21% | 16% |
| 2011-12 | 17% | 11% |

സെക്ഷൻ ആഫീസർ